# ഹൈന്ദവസംസ്കാര സ്വീധീനം: വാസ്തുവിദ്യയിലും ആചാരങ്ങളിലും

**905**-ൽ പള്ളി പണിയുമ്പോൾ ഇവിടെ നിലനിന്നിരുന്ന വാസ്തുശിൽപ രീതി ഏത് പാരമ്പര്യത്തിൽ ഉൾപ്പെട്ടിരുന്നതാണ് എന്ന് പറയുക സാധ്യമല്ല. എന്നാൽ മദ്ബഹായുടെ ഭിത്തികൾ പണി തിരിക്കുന്നതും വെളിച്ചവും വായുവും കടക്കുന്നതിനായി 'കുനീൽ' രൂപത്തിൽ ഭിത്തി തുളച്ച് ഉണ്ടാക്കിയിട്ടുള്ള ദ്വാരവും അതിമനോഹരമായും അതിവിദഗ്ധമായും പണികഴിപ്പിച്ചിട്ടുള്ളവയാണ്. ഒരു പക്ഷേ ചരിത്രാവബോധം കുറഞ്ഞവരും പഴമയുടെ പ്രാധാന്യം ഗൗരവത്തോടെ കാണാത്തവരും പതിനേഴാം നൂറ്റാണ്ടിൽ പള്ളി പുതുക്കി പണിതപ്പോൾ പഴയ പള്ളിയുടെ അപൂർവ്വം ചില ഭാഗങ്ങളൊഴിച്ച് ബാക്കിയെല്ലാം തച്ചുടച്ചുകളഞ്ഞു. കടമറ്റം പള്ളിയുടെ അകത്തെ അളവുകൾ പുറത്തെ അളവുകൾ ആക്കികൊണ്ടാണ് പള്ളിയുടെ പുനരുദ്ധാനം നടത്തിയത്. അതോടൊപ്പം തന്നെ പള്ളിയുടെ പടിഞ്ഞാറേ വശത്തും വടക്കുവശത്തും രണ്ട് മാളിക കെട്ടിടങ്ങളും പൂർത്തിയാക്കിയിരുന്നു. ഇന്ന് അതും നാമാവശേഷമാണ്. പടിഞ്ഞാറ് വശത്ത് റോസ് നിറത്തിലുള്ള പ്രത്യേക ഇനം കരിങ്കൽ മനോഹരമായി പണിതീർത്ത കുരിശും സ്ഥാപിച്ചു. ഒരു പ്രത്യേക കാലഘട്ടത്തിന്റെ ശിൽപമാതൃകയെ നിശബ്ദമായി ഉദ്ഘോഷിച്ചു കൊണ്ട് നിൽക്കുന്ന കരിങ്കൽ കുരിശ്. ഈ കുരിശിലും കൊത്തുപണികൾ ഏറെ ചെയ്തിട്ടുണ്ട്. ഒറ്റ കല്ലിൽ തീർത്തിട്ടുള്ള ഈ കുരിശിന് ചുറ്റും 101 തിരികൾ കത്തിക്കുന്നതിനുള്ള കുഴികളും കൊത്തിയിട്ടുണ്ട്. അതിൽ കൊത്തിയിട്ടുള്ള ചില രൂപങ്ങൾ പല കരിങ്കൽ തട്ടുകൾക്കും മുകളിലായിട്ടാണ് കുരിശ് നാട്ടിയിരിക്കുന്നത്. അത്രയും തന്നെ തട്ടുകൾ ഭൂമിക്കടിയിലും ഉള്ളതായി പറയപ്പെടുന്നു. ഈ കുരിനെ ഇന്നും അജ്ഞാതമായ രീതിയിലുള്ള ഒരു **ലോക്ക്** സംവിധാനമുണ്ടെന്നും വിശ്വസിക്കപ്പെടുന്നു. പള്ളിപണിക്ക് ആവശ്യമായ നല്ല മണൽ ഈ പ്രദേശത്ത് ലഭിക്കായ്കയാൽ കടമറ്റത്തിനടുത്തുള്ള പെരുവംമൂഴി കടവിൽ നിന്നും തലചുമടായി കൊണ്ടുവന്നിരുന്നു എന്നും പറയപ്പെടുന്നു. സിമന്റോ, കോൺക്രീറ്റോ ഇല്ലാതിരുന്ന അക്കാലത്ത് ചെങ്കല്ല് ചെത്തി ചേർപ്പിച്ച് ആർച്ചു രൂപത്തിൽ നിർമ്മിച്ചിരുന്ന മദ്ബഹായുടെ കവാടവും മേൽക്കൂരയും വാസ്തുശില്പ ചാതുരിയുടെ ഒരു മകുടോദാഹരണമായി ഇന്നും അതേപടി നിൽക്കുന്നു.

അന്ന് മലങ്കര മഹാഇടവകയുടെ ചുമതലകളും മെത്രാപ്പോലീത്തയ്ക്കടുത്ത കാര്യങ്ങളും നിർവ്വഹിച്ചുപോന്നത് തോമ അർക്കദിയോക്കാൻ (1640-1670) കൊല്ലം 822 ധനുമാസം 21-ാം തീയതി പരി. കന്യകാമറിയത്തിന്റെ നാമത്തിൽ പള്ളിയുടെ മൂറോൻ അഭിഷേകം നടത്തപ്പെട്ടു എന്ന് പഴയ വട്ടെഴുത്ത് ലിപിയിൽ രൂപപ്പെടുത്തിയ ഒരു ശിലാലിഖിതം പള്ളിയുടെ തെക്കേവശത്തെ ഭിത്തിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പള്ളിയെ സംബന്ധിച്ചിടത്തോളം 1913 മുതൽ 27 വരെയുള്ള കാലഘട്ടം സുവർണ്ണകാലഘട്ടമായിരുന്നു. അന്നുവരെ പള്ളിക്ക് പൂമുഖത്തെ വാതിൽ കൂടാതെ രണ്ട് വാതിലുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പതിമൂന്നിൽ മദ്ബഹായിൽ രണ്ട് ജനലുകളും പള്ളിക്കിരുവശവും രണ്ട് ജനലുകളും വാതിലുകളും ഭിത്തിയിൽ പുതുതായി ഉണ്ടാക്കി. 1924-ൽ പള്ളിയുടെ ക്ദോശ് കുദിശിൽ പോർച്ചുഗീസ് കലാവൈഭവം നിറഞ്ഞ കൊത്തു പണികളോടുകൂടി പണികഴിപ്പിച്ച് പെയ്ന്റ് ചെയ്ത് മനോഹരമാക്കി. പിന്നീട് മച്ചിന് തേക്കുതടി ഉപയോഗിച്ച് മേൽപലക ഇട്ടു. അതിന്മേലും മദ്ബഹായുടേയും ഹൈക്കലായുടെയും ഇരുവശത്തെ ഭിത്തികളിലും ഇറക്കുമതി ചെയ്ത പ്രത്യേകതരം പെയ്ന്റുപയോഗിച്ച് വി.വേദപുസ്തകത്തിലെ പഴയ നിയമ-പുതിയ നിയമ സംഭവങ്ങളുടെ ചിത്രപ്പണികളാൽ അലംകൃതമാക്കി. ക്ദോശ് കുദിശിൽ കാണുന്ന യഹോവയുടെ രൂപം മറ്റ് ഒരുപള്ളികളിലും കാണാത്തവയാണ്. യഹോവയെ ആരും ദർശിച്ചിട്ടില്ലാത്ത സ്ഥിതിക്ക് എങ്ങനെ ഒരു രൂപം കൊത്തി ഉണ്ടാക്കി എന്നുള്ളത് സംശയാസ്പദമാണ്. യഹോവയുടെകൈയ്യിൽ ഒരു ഗോളവും ഉള്ളതായി കാണാം. ഈ ഗോളം ഭൂമിയുടെ പ്രതീകമാകാം. സകലവും സൃഷ്ടിച്ചത് താനാണെന്നും ഭൂമി തന്റെ വരുതിയിലാണെന്നും ഇതുകൊണ്ട് അർത്ഥമാക്കാം. മറ്റൊന്ന് വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ജനതയെ ആകർഷിക്കുവാനും അവരിൽ ദൈവത്തിന്റെ പ്രതീതി ഉളവാക്കുവാനും മനഃപ്പൂർവ്വം ചെയ്തതാകാം. അതുപോലെ തന്നെ വി. ത്രോണോസ്സിൽ കാണുന്ന ദൈവത്തിന്റെ കണ്ണ് എല്ലാം കാണുന്ന യഹോവയുടെ പ്രതീകമാണ്. മദ്ബഹായിലെ തന്നെ വി.കന്യകമറിയാമിന്റെ രൂപം കേരളത്തിലെ ഒരു പള്ളികളിലും കാണാത്ത ഈ ശിൽപ്പം വേഷവിധാനം കൊണ്ടുതന്നെ വ്യത്യസ്ഥമായി നിലനിൽക്കുന്നു. കേരളത്തനിമയെ ഓർമ്മിപ്പിക്കുന്ന സാരിയാണ് ഈ മാതാവിന്റെ വേഷം. യഹോവയുടെ രൂപം കൂടാതെ പുത്രനേയും പരി.റൂഹായേയും ചേതോഹരമായി ത്രോണോസ്സിൽ കൊത്തിവെച്ചിട്ടുണ്ട്. പിതാവ് പുത്രൻ പരി.റൂഹാ എന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. പരി.റൂഹായുടെ കൊത്തുപണിയിൽ ഒരു പ്രത്യേകത ദർശിക്കാവുന്നതാണ്. കിരീടം വച്ച പ്രാവിനെയാണ് പരി.റൂഹയായി ചിത്രീകരിച്ചിട്ടുള്ളത്. ആറാറ് ചിറകുള്ള രണ്ട് മാലാഖമാരും ഈ രണ്ട് ചിറകുള്ള രണ്ട് മാലാഖമാരെയും ത്രോണോസ്സിന് അപ്പുറത്തും ഇപ്പുറത്തുമായി കൊത്തിവച്ചിട്ടുണ്ട്. യാക്കോബിന്റെ കടി പ്രദേശത്തുനിന്നും പന്ത്രണ്ട് ഗോത്രങ്ങൾ ഉണ്ടായി എന്ന ബൈബിൾ പരാമർശം ത്രോണോസ്സിലെ തൂണിൽ കൊത്തിവെച്ചിരിക്കുന്നു. പന്ത്രണ്ട് ഗോത്രങ്ങളുടെ തലവന്മാരും വളരെ മനോഹരമായി ആരെയും ആകർഷിക്കത്തക്കവിധത്തിൽ പണിതിരിക്കുന്നു. ത്രോണോസ്സിൽ വച്ചിരിക്കുന്ന ചെമ്പുതകിടിൽ തീർത്ത കതിരുകൾ ആരുടെയും ശ്രദ്ധ ആകർഷിക്കുന്നതാണ്. മോശയ്ക്ക് മുൾപ്പടർപ്പിൽ യഹോവ പ്രത്യക്ഷപ്പെട്ടതിനെ ദൃഷ്ടാന്തീകരിക്കുന്നു.ഇന്ന് അതിന്റെ സ്ഥാനത്ത് പലരും പൂക്കളാണ് വച്ചുകാണുന്നത്. പതിനേഴാം നൂറ്റാണ്ടിൽ പണിത് വച്ചിട്ടുള്ള പ്രസംഗപീഠം പഴമയ്ക്ക് മാറ്റുകൂട്ടുന്നു. നാലു സുവിശേഷകരെയും പത്രോസ് പൗലോസ് ശ്ലീഹന്മാരെയും പ്രസംഗപീഠത്തിന്റെ വശങ്ങളിൽ വരച്ചുചേർത്തിട്ടുണ്ട്. ഓരോ ചിത്രങ്ങളിലും താഴെ ഓരോ നിരക്കുകളെ വരച്ചു ചേർത്തിട്ടുള്ളതും ശ്രദ്ധേയമാണ്. ഓരോ സുവിശേഷകർക്കും അടുത്ത മാനങ്ങളോട് കൂടിയാണ് രൂപങ്ങൾ വി.മത്തായിയുടെ രൂപത്തിന് കീഴിൽ മനുഷ്യമുഖം വി.മർക്കോസിന്റെ രൂപത്തിന് കീഴിൽ സിംഹമുഖവും, ലൂക്കോസിന്റെ ചിത്രത്തിന് കീഴിൽ കഴുതയും യോഹന്നാന്റെ ചിത്രത്തിന് താഴെ കഴുകനെയും ചിത്രീകരിച്ചിരിക്കുന്നു. പതിനേഴാം നൂറ്റാണ്ടിൽ പണി തീർത്തിരിക്കുന്ന മാമ്മോദീസാ തൊട്ടിയിൽ ധാരാളം കൊത്തുപണികൾ കാണാവുന്നതാണ്. ഈ കൊത്തുപണികളിലെല്ലാം ഒരു ഹൈന്ദവസ്വാധീനം കാണാവുന്നതാണ്. തൊട്ടിക്കടിവശമായി കല്ലിൽ തീർത്തിട്ടുള്ള രൂപങ്ങൾ ശിവന്റെ ഭൂതഗണങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നത് കാണാം. പൈശാചിക ശക്തിയിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ട കാവൽ ഭടന്മാരായിട്ടാണ് ഇവയെ ചിത്രീകരിച്ചിരിക്കുന്നത്. ഈ രൂപങ്ങളിൽ പലതും അടർത്തി മാറ്റിയിരിക്കുന്നതായി കാണാം. നൂറ്റാണ്ടുകൾ പഴക്കമുള്ള ദൈവാലയത്തിന്റെ മുഖവാതിൽ അനേകം ചിത്രങ്ങളാൽ അലംകൃതമാണ്. പ്രത്യക്ഷത്തിൽ മാലാഖമാരേയും പ്രാവുകളേയുമാണ് കൊത്തിവച്ചിരിക്കുന്നത്. ഈ വാതിൽ ആർച്ച് രൂപത്തിലാണ് ഇവിടെയും രൂപങ്ങൾ ചെത്തിമാറ്റിയതായി കാണപ്പെടുന്നു. ഈ വാതിലിന് ഏറ്റവും മുകളിലായി ശ്ലീഹന്മാരുടെയും കൂടാതെ യേശുക്രിസ്തു പരസ്യവേലകൾ ചെയ്ത കാലഘട്ടത്തെ അത്ഭുത പ്രവർത്തികൾ സൂചിപ്പിക്കുന്ന രൂപങ്ങളും തമ്പുരുകളാലും വീണകളാലും യഹോവയെ പാടിസ്തുതിക്കുന്ന മാലാഖമാരുടെയും രൂപങ്ങളും ഉണ്ടായിരുന്നതായി അവശേഷിക്കുന്ന രൂപങ്ങളിൽ നിന്ന് നമുക്ക് വായിക്കാം.